# കുഞ്ഞാലിപ്പാറ വീണ്ടും തർക്ക വിഷയമാകുന്നു

എം. എം.

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ പഞ്ചായത്തിലെ പ്രസിദ്ധമായ കുഞ്ഞാലിപ്പാറ എന്ന പാറക്കൂട്ടം പൊളിച്ച് കടത്താൻ വീണ്ടും ശ്രമങ്ങളാരംഭിച്ചിരിക്കുന്നു.

റവന്യൂ പുറമ്പോക്കിൽപ്പെട്ട കുഞ്ഞാലിപ്പാറ പ്രദേശത്തിന് 90 ഹെക്ടറിലേറെ വിസ്തീർണ്ണമുണ്ട്. അതിലെ ഏറ്റവും ഉയർന്നുനിൽക്കുന്നപാറക്കൂട്ടത്തിന് മുന്നൂറോളം അടി ഉയരവും ഇരുപതേക്കറിനടുത്ത് വിസ്തീർണ്ണവുമുണ്ട്.

1987 ലാണ് കുഞ്ഞാലിപ്പാറ കരിങ്കൽമടയാക്കാനുള്ള ആദ്യഘട്ടനീക്കങ്ങൾ നടക്കുന്നത്. തുടർന്ന് പല ഘട്ടങ്ങളിലായി പാറപൊട്ടിക്കാനുള്ള ശ്രമങ്ങളും അതിനെതിരെയുള്ള പ്രതിഷേധങ്ങളും നിയമനടപടികളുമുണ്ടായി. കേരളത്തിൽ വിവിധ ഭാഗങ്ങളിൽ കരിങ്കൽ മടകൾ നടത്തിയിരുന്ന ഒരു പ്രമുഖനാണ് കുഞ്ഞാലിപ്പാറക്കെതിരെയുള്ള നീക്കളുടെ പിന്നിലെ പ്രധാന പ്രേരകശക്തി.

തെക്കുഭാഗത്ത് കോടശ്ശേരി മലയും മറ്റു മൂന്നുഭാഗത്തും കനാലുമുള്ള പാറക്കൂട്ടത്തിലേക്ക് കടന്ന് പാറപൊളിച്ച് കടത്തിക്കൊണ്ടുപോകാനായി രണ്ട് അനധികൃത പാലങ്ങൾ രണ്ടുഘട്ടങ്ങളിലായി പണിതു കഴിഞ്ഞു. റോഡുകളും തയ്യാറായിട്ടുണ്ട്.

പാലത്തിനപ്പുറത്തുള്ള സ്വന്തം ഭൂമിയിലേക്ക് കടക്കാനെന്ന കാരണം കാണിച്ച് അധികാരികളിൽ നിന്നും സമ്മതം വാങ്ങി പാലം പണിത ഒരു വ്യക്തി, ആ പാലത്തിലൂടെ കരിങ്കൽ ലോറികളെ കടത്തിവിട്ട് പാട്ടം പിരിക്കുന്ന പരിപാടിയും ഉണ്ട്.

അതി വിസ്തൃതമായ കുഞ്ഞാലിപ്പാറ പ്രദേശം ക്വാറിയാക്കാൻ സാധിച്ചാൽ, വർഷങ്ങളോളം നീണ്ടുനിൽക്കുന്ന തൊഴിൽ സാദ്ധ്യത ചുമട്ടുതൊഴിലാളികൾക്ക് ലഭിക്കും എന്ന വസ്തുത മുൻനിർത്തി, ചുമട്ടുതൊഴിലാളികളെ മുന്നിലിറക്കിയും യൂണിയൻ നേതാക്കളെ സ്വാധീനിച്ചുമാണ് തൽപ്പരകക്ഷികൾ കുഞ്ഞാലിപ്പാറയ്ക്കെതിരെ നീങ്ങുന്നത്.

ഇക്കഴിഞ്ഞ മാസത്തിൽ കുഞ്ഞാലിപ്പാറയ്ക്കെതിരെയുണ്ടായ നീക്കങ്ങളും കുഞ്ഞാലിപ്പാറ സംരക്ഷണ സമിതിയും പ്രകൃതിസ്നേഹികളും ഉചിതമായ നീക്കങ്ങളിലൂടെ തടഞ്ഞിരിക്കുകയാണ്. പാറപൊളിക്കാനുള്ള നീക്കം ആർ.ഡി.ഒ. സ്റ്റേ ചെയ്തിട്ടുണ്ട്. എല്ലാ നിയമവശങ്ങളും പാറപൊളിക്കുന്നതിനെതിരായിരിക്കുമെന്ന് ബോദ്ധ്യമായതോടെ, പഞ്ചായത്തിനെ ഇക്കാര്യത്തിൽ ഇടപെടുവിക്കാൻ ശ്രമിക്കുകയാണ് തൽപ്പരകക്ഷികൾ.

ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ഒന്നും ചെയ്യാനാവുകയില്ലെങ്കിലും, തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ഈ അവസരത്തിൽ, തൊഴിലാളികൾക്കനുകൂലമായ ഒരു തീരുമാനമുണ്ടാക്കാൻ പഞ്ചായത്തിന് സാധിക്കുമെന്ന് തൊഴിലാളികളെ തെറ്റിദ്ധരിപ്പിച്ച് തൽക്കാലം തടിതപ്പാനാണ് സി.ഐ.ടി.യു. യൂണിയൻെറ നീക്കം എന്നറിയുന്നു.

പാറപൊട്ടിക്കലും പാറസംരക്ഷിക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കാനുമായി പഞ്ചായത്തുമെമ്പർമാരും യൂണിയൻ പ്രതിനിധികളും സംരക്ഷണപ്രവർത്തകരുമടങ്ങിയ ഒരു സമിതി ഉണ്ടാക്കിയിട്ടുണ്ട്. സമിതിയുടെ 'പാറസന്ദർശനം' മാർച്ച് 16-ാം തിയതിയിലേക്ക് വെച്ചിരിക്കുകയാണ്.

കുഞ്ഞാലിപ്പാറ എന്തുവിലകൊടുത്തും സംരക്ഷിക്കുമെന്ന് മറ്റത്തൂർ ഗ്രാമപഞ്ചായത്ത് മുൻപ് തീരുമാനിച്ചിട്ടുള്ളതാണ് എന്നിരിക്കെ പഞ്ചായത്തു തലത്തിൽ ആ തീരുമാനത്തിനെതിരെ ഒന്നും ചെയ്യാൻ വഴിയില്ല. തൊട്ടടുത്ത് ഒട്ടേറെ കുടുംബങ്ങൾ താമസിക്കുന്ന കുഞ്ഞാലിപ്പാറ പോലുള്ള ഒരു പ്രദേശത്ത് പാറമട നടത്താൻ നിലവിലുള്ള നിയമങ്ങളും അനുവദിക്കില്ല. എന്നിരിക്കെ, തൊഴിലാളികളെ തെറ്റിദ്ധരിപ്പിച്ച് വഞ്ചിക്കുന്നതിനു പകരം ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ കീഴിൽ, ഇത്രയും തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ നൽകാനുതകുന്ന സംരംഭങ്ങളാരംഭിക്കാനാണ് പഞ്ചായത്ത് ശ്രമിക്കേണ്ടതെന്ന് പ്രകൃതിസ്നേഹികൾ ചൂണ്ടിക്കാണിക്കുന്നു.

പക്ഷെ, ഇത്തരം നീക്കങ്ങളെ തുടക്കിലേ തുരങ്കം വെക്കാനാണ്- ഇവിടുത്തെ രാഷ്ട്രീയ നേതൃത്വങ്ങൾ ഉത്സാഹിക്കുന്നത്. തൊഴിലാളികൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയല്ല; എങ്ങിനെയെങ്കിലും പാറപൊട്ടിക്കാൻ നടക്കുന്ന വമ്പൻമാരുടെ താൽപര്യം സംരക്ഷിക്കലാണ് ഇക്കൂട്ടരുടെ ഉദ്ദേശ്യം. അതുകൊണ്ട് തന്നെ, കുഞ്ഞാലിപ്പാറ ഇനിയും തർക്കവിഷയമായി തുടരുവാനാണ് സാദ്ധ്യത.